**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2706** **06-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ. ബി. യുടെ പ്രവർത്തന ലാഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. രാജ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2024-2025 സാമ്പത്തിക വർഷം കെ. എസ്. ഇ. ബി. യുടെ പ്രവർത്തന ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | **2024–25**–ലെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം **571.22** കോടി രൂപയാണ് ലാഭം. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനലാഭം നേടുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തി, ലാഭത്തിലേക്ക് മാറ്റുകയും അതുവഴി ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുകയും ചെയ്യുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>* കടബാധ്യത കുറയ്ക്കൽ: ധനകാര്യ പുനഃസംഘടനാ നടപടികളിലൂടെ ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളാക്കി മാറ്റി പലിശഭാരം കുറച്ചു.<br><br>* വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രിക്കൽ: ചെലവ് കുറഞ്ഞ ഉറവിടങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങാനുള്ള ശ്രമങ്ങൾ നടത്തിയും, നിലവിലുള്ള കരാറുകൾ നിരീക്ഷിച്ചും വാങ്ങൽ ചെലവുകൾ പരമാവധി നിയന്ത്രിച്ചു. മാർക്കറ്റിൽ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ക്രയവിക്രയ തന്ത്രങ്ങൾ നടപ്പിലാക്കി. കൂടാതെ, മഴക്കാലത്ത് തിരികെ നൽകാനുള്ള വ്യവസ്ഥയിൽ ബാങ്കിങ് കരാറുകളിൽ ഏർപ്പെട്ട് വേനൽക്കാലത്ത് പണം മുടക്കില്ലാത്ത വൈദ്യുതി ഉറപ്പുവരുത്തി. ഇതുവഴി വൈദ്യുതി വാങ്ങൽ ചെലവിൽ ഗണ്യമായ കുറവ് വരുത്താൻ കഴിഞ്ഞു.<br><br>* പുനരുപയോഗ ഊർജ്ജ നിക്ഷേപം: പുനരുപയോഗശേഷിയുള്ള ഊർജ്ജ മേഖലയിൽ (Renewable Energy) നിക്ഷേപം വർദ്ധിപ്പിച്ചു. ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾക്ക് (ഉദാ. വെസ്റ്റ് |

കല്ലട, NTPC കായംകുളം) പ്രാധാന്യം നൽകി. SECI മുഖേന സോളാർ-ബാറ്ററി സ്റ്റോറേജ് പദ്ധതികൾക്കായി മത്സരാധിഷ്ഠിത നിരക്കിൽ ദീർഘകാല കരാറുകൾ ഒപ്പുവെച്ചു.

* പദ്ധതി പൂർത്തീകരണവും ജലവിനിയോഗവും: മുടങ്ങിക്കിടന്നിരുന്ന തോട്ടിയാർ, പള്ളിവാസൽ പോലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികളുടെ വേഗം വർദ്ധിപ്പിക്കുന്നതിനും ശക്തമായ ഇടപെടലുകൾ നടത്തി. ജലവിനിയോഗം കാര്യക്ഷമമാക്കി വൈദ്യുതി വാങ്ങൽ ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചു.

* സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തൽ: മുൻ വർഷങ്ങളിലെ നഷ്ടങ്ങൾ ഭാഗികമായി ഏറ്റെടുക്കുക വഴി കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തി.

* വരുമാന പിരിവ്: ബില്ലടയ്ക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ (ഓൺലൈൻ പേയ്മെന്റ്, SMS/അലേർട്ട് സംവിധാനങ്ങൾ) നടപ്പാക്കി. കുടിശ്ശിക പിരിവ് മെച്ചപ്പെടുത്തി. അനധികൃത ഉപയോഗം, മീറ്റർ തകരാറുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കി.

* കുടിശ്ശിക തീർപ്പാക്കൽ: വാണിജ്യ, വ്യാവസായിക ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണത്തിനായി ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കി.

* പ്രസരണ ശൃംഖലയുടെ വികസനം: സംസ്ഥാനത്തിന്റെ ദീർഘകാല വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി TransGrid 2.0 പദ്ധതി വഴി ട്രാൻസ്മിഷൻ ബാക്ക്ബോൺ ശൃംഖല വികസിപ്പിച്ചു. ഇത് ട്രാൻസ്മിഷൻ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും കുറഞ്ഞ ചെലവിൽ കൂടുതൽ വൈദ്യുതി കൈമാറ്റം ചെയ്യുന്നതിനും സഹായിച്ചു.

* വിതരണ ശൃംഖലയുടെ നവീകരണം: നഗര, ഗ്രാമ മേഖലകളിലെ വിതരണ ശൃംഖല പുതുക്കി, താരതമ്യേന കുറഞ്ഞ സാങ്കേതിക-വാണിജ്യ നഷ്ടം (AT&C loss) കൈവരിക്കുന്നതിൽ ശ്രദ്ധ നൽകി. പഴയ ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, ലൈനുകൾ തുടങ്ങിയവ ഘട്ടം ഘട്ടമായി മാറ്റി നവീകരിച്ചു.

ഈ നടപടികൾ ഫലപ്രദമായതോടെ കെ.എസ്.ഇ.ബി.യുടെ വരുമാന-ചെലവ് വ്യത്യാസം കുറയുകയും ബോർഡ് ഓപ്പറേറ്റിങ് ലാഭത്തിലേക്ക്

| | | | |
|---|---|---|---|
| | | | (Operating Profit) മാറ്റുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.-യെ ലാഭത്തിലേക്ക് മാറ്റുന്നതിന് വിവിധ തലങ്ങളിലുള്ള സമഗ്രമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. |
| (സി) | വൈദ്യുതി വാങ്ങൽ സംബന്ധിച്ച് എടുത്ത നടപടികൾ കാരണം ശരാശരി വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സാമ്പത്തിക വർഷം 2024-25-ൽ വൈദ്യുതി വാങ്ങിയ ഇനത്തിൽ സാമ്പത്തിക വർഷം 2023-24-നെ അപേക്ഷിച്ച് 233 കോടി രൂപയുടെ കുറവ് വന്നിട്ടുള്ളതായി കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ഡി) | വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് കിട്ടേണ്ട കുടിശിക ഈടാക്കാനുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ? | (ഡി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. സാമ്പത്തിക വർഷം 2025-26-ലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30.09.2025 വരെ ബോർഡിൽ നടപ്പിലാക്കി.<br><br>സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെ), പൊതു സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇവയുടെ 31.12.2024 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക തുകയായ 718.02 കോടി രൂപ ഉപഭോക്താക്കളിൽ കെ എസ് ഇ ബി എൽ പിരിച്ചെടുത്ത് സർക്കാരിലേക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിച്ച് 06.03.2025 ലെ G.O (MS) No.27/2025/FIN പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ കുടിശ്ശിക തീർപ്പാക്കലിനുശേഷം 31.08.2025 വരെയുള്ള ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം കെ എസ് ഇ ബി എല്ലിന് 1751.76 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്നാണ് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ